"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടമലക്കുടി സമഗ്ര പാക്കേജ് - ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ റോഡ് നിർമ്മാണത്തിൽ ഡ്രൈ റബിൾ പാക്കിംഗ് ചെയ്ത് അതിന് മുകളിൽ കോൺക്രീറ്റ് ചെയ്ത് റോഡ് പണിയുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.9/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/01/2021

---

പരാമർശം:- 1 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2020-ലെ എ1-685/15 നമ്പർ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.08.2020-ലെ VII (2) നമ്പർ തീരുമാനവും.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.25 (ii)

**ഉത്തരവ്**

കേരളത്തിലെ ഏക ഗോത്ര വർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ഭൂഘടന പ്രകാരം റോഡ് നിർമ്മിക്കുന്ന പല ഭാഗങ്ങളിലെയും മണ്ണ് ഉറപ്പില്ലാത്തതും മൃദു സ്വഭാവമുള്ളതുമാണ് എന്നും അതിനാൽ റോഡ് ഫൗണ്ടേഷന് മക്ക് ഫില്ലിംഗ്, ജി.എസ്.ബി. ഫില്ലിംഗ് ഇവ പ്രായോഗികമല്ലാത്തതിനാൽ റബിൾ പാക്കിംഗ് ആവശ്യമാണ് എന്നും ആയതിനാൽ ഡ്രൈ - റബിൾ പാക്കിംഗ് ചെയ്ത് അതിനു മുകളിൽ കോൺക്രീറ്റ് ചെയ്ത് റോഡ് പണിയുന്നതിന് അനുമതി നൽകണമെന്നും പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേവികുളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇക്കാര്യം ശുപാർശ ചെയ്തിട്ടുള്ളതിനാൽ, പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ റോഡ് നിർമ്മാണത്തിൽ ഫൗണ്ടേഷൻ ഡ്രൈ റബിൾ പാക്കിംഗ് ചെയ്ത് അതിനുമുകളിൽ കോൺക്രീറ്റ് ചെയ്ത് റോഡ് പണിയുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു. ഇത് സംബന്ധിച്ച ആവശ്യമായ തുടർ നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്ക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.01.04 11:58:58 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്